**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2906 07.02.2018 - ൽ മറുപടിക്ക്**

# പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ ; | (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിലേക്കായി പുതിയ അർത്ഥനാപത്രം, ലാൻഡ് ഷെഡ്യൂൾ, അലൈൻമെന്റ് സ്കെച്ച്, ഡീ മാർക്കേഷൻ സ്കെച്ച് എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. |
| (ബി) | എൽ.എ.ആർ.ആർ. ആക്ട് 2013 നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി, പുതിയ അർത്ഥനാപത്രം, അലൈൻമെന്റ് സ്കെച്ച് എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | പുതിയ അർത്ഥനാപത്രവും, അലൈൻമെന്റ് സ്കെച്ചും തയ്യാറാക്കി വരുന്നു. |

(സി) സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്ന-തിനും പാലം പണി ആരംഭിയ്ക്കുന്നതിനും അവശേഷിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

(സി) നെഗോഷ്യബിൾ പർച്ചേയ്സ് വഴി ഏറ്റെടുക്കുന്നതിനുള്ള സമ്മത പത്രം ഭൂവുടമകളിൽ നിന്ന് ലഭിക്കേണ്ട-തുണ്ട്. പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ, റീ ഡിസൈൻ ചെയ്യേണ്ടതുണ്ട്. പാലത്തിന്റെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 1185/09/പൊ.മ.വ തീയതി 14.08.2009 പ്രകാരമാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ആയതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമുണ്ട്.

S. Bindu

**സെക്ഷൻ ഓഫീസർ**